**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1835 **05.10.2016**-ലെ മറുപടിക്ക്

<u>പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കാൻ ധനസഹായ പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.പി.ടി. തോമസ്<br>ശ്രീ.അൻവർ സാദത്ത്** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കാൻ ധനസഹായ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ ഭവനരഹിതരായ പട്ടികജാതി വിഭാഗങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായിട്ടുള്ള ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 3 ലക്ഷം രൂപയും ദുർബല വിഭാഗ ഭവന പുനരധിവാസ പദ്ധതി പ്രകാരം 3.5 ലക്ഷം രൂപയും നൽകി വരുന്നു. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി നടത്തിപ്പുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ ഭവനരഹിതരായ എല്ലാ പട്ടികജാതിക്കാർക്കും ഘട്ടംഘട്ടമായി വാസയോഗ്യമായ വീട് ലഭ്യമാക്കുക, ആയതിലൂടെ അവരുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം |
| (സി) | ഇതിന്റെ ഗുണഭോക്താക്കളെ എങ്ങനെയാണ് കണ്ടെത്തുന്നത്; | (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന ഗുണഭോക്താക്കളുടെ ഗ്രാമസഭാ ലിസ്റ്റ് പ്രകാരം ബ്ലോക്ക് / മുൻസിപ്പാലിറ്റി /കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകൾ മുഖേന ഗുണഭോക്താക്കളെ മുൻഗണനാക്രമത്തിൽ തെരഞ്ഞെടുക്കുന്നു. ഗ്രാമസഭാ ലിസ്റ്റ് ലഭ്യമാക്കാത്തയിടങ്ങളിൽ പത്രപരസ്യം മുഖേന അപേക്ഷ ക്ഷണിക്കുന്നു. നേരിട്ട് ലഭിക്കുന്ന അപേക്ഷകളിൽ, ബ്ലോക്ക് പ്രസിഡന്റ് , പട്ടികജാതി വികസന ഓഫീസർ, ബ്ലോക്ക് മെമ്പർമാർ എന്നിവരടങ്ങുന്ന സമിതി ഗുണഭോക്താക്കളുടെ സാന്നിദ്ധ്യത്തിൽ നറുക്കെടുപ്പിലൂടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഇതിനായി ബജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ട്? | (ഡി) | ഇതിനായി 2016-17 സാമ്പത്തിക വർഷം ബജറ്റിൽ 265/- കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ